# INDIAN SCHOOL AL WADI AL KABIR

| | | |
|---|---|---|
| **CLASS : VII** | **DEPARTMENT: MALAYALAM** | **DATE: 03-09-2023** |
| **Class Note** | **Lesson: 3** | **Topic: അറബിക്കഥ** |

**പദപരിചയം**

| | | |
|---|---|---|
| ബാഗ്ദാദ് | സുഭിക്ഷം | നിഷ്ക്കളങ്ക |
| ദരിദ്രൻ | ഐശ്വര്യം | വ്യസനം |
| ദയാലു | ദിവ്യരത്നം | രാജധാനി |
| ഉപജീവനം | ഉപായം | പാറാവുകാരൻ |
| അന്ധ | സ്നേഹമയി | ചങ്ങാത്തം |
| നാലംഗങ്ങൾ | പോക്കാച്ചിത്തവള | അത്ഭുതം |
| ഉരഗം | കടലിനക്കരെ | സൈനികർ |
| മാണിക്യം | അരമന | കബളിപ്പിച്ചു |

**അർത്ഥം**

ഉപജീവനം = ജീവിതമാർഗം

അലിവ് = ദയ

ഉപായം = മാർഗം

ഉരഗം = പാമ്പ്

സുഭിക്ഷം = സമൃദ്ധം

പാറാവുകാരൻ = കാവൽക്കാരൻ

വ്യസനം = സങ്കടം

ചങ്ങാത്തം = കൂട്ടുകെട്ട്

കബളിപ്പിക്കുക = പറ്റിക്കുക

അമൂല്യം = വിലമതിക്കാനാവാത്ത

**പര്യായപദങ്ങൾ**

പൂച്ച = മാർജ്ജാരം , ബിഡിലം

പട്ടി = ശ്വാനൻ , ശുനകൻ

പാമ്പ് = നാഗം , ഉരഗം

ഭാര്യ = പത്നി , കാന്ത

കടൽ = ആഴി , സാഗരം

എലി = മൂഷികൻ , ആഖു

**<u>വിപരീതപദം</u>**

ദരിദ്രൻ x ധനികൻ

വിശ്വാസം x അവിശ്വാസം

രഹസ്യം x പരസ്യം

രക്ഷിക്കുക x ശിക്ഷിക്കുക

ഫലം x നിഷ്ഫലം

ആഗ്രഹം x ദുരാഗ്രഹം

**<u>എതിർലിംഗം</u>**

ദരിദ്രൻ X ദരിദ്ര

അന്ധ X അന്ധൻ

മാതാവ് X പിതാവ്

മകൾ X മകൻ

തോഴി X തോഴൻ

ഭാര്യ X ഭർത്താവ്

**<u>ചേർത്തെഴുതുക</u>**

അന്ധ + ആയ = അന്ധയായ

മാതാവിനോട് + ഒപ്പം = മാതാവിനോടൊപ്പം

വളരെ + പണ്ട് = വളരെപ്പണ്ട്

നാല് + അംഗങ്ങൾ = നാലംഗങ്ങൾ

വീട്ടിൽ + എത്തി= വീട്ടിലെത്തി

ദയാലു + ആയ = ദയാലുവായ

**<u>പിരിച്ചെഴുതുക</u>**

ഞെട്ടിയെങ്കിലും = ഞെട്ടി + എങ്കിലും

കടലിനക്കരെ = കടലിന് + അക്കരെ

നിമിഷങ്ങൾക്കകം = നിമിഷങ്ങൾക്ക് + അകം

അവരെല്ലാവരും = അവർ + എല്ലാവരും

സുഖമായി = സുഖം + ആയി

നാവിനടിയിൽ = നാവിന് + അടിയിൽ

**ഉത്തരമെഴുതുക**

1. ഉമ്മർ എങ്ങനെയാണ് ഉപജീവനം നടത്തിയിരുന്നത് ?

   കാട്ടിൽ പോയി വിറക് ശേഖരിച്ചു അത് വിറ്റാണ് ഉമ്മർ ഉപജീവനം നടത്തിയിരുന്നത് .

2. കാട്ടിലേക്ക് പുറപ്പെടാൻ തുടങ്ങിയ ഉമ്മറിനോട് ഉരഗം എന്താണ് പറഞ്ഞത് ?

   ''എന്നെക്കൂടി കൊണ്ടുപോകൂ നിങ്ങൾക്ക് എന്തെങ്കിലും ഗുണമുണ്ടാകും''. എന്നാണ് ഉരഗം ഉമ്മറിനോട് പറഞ്ഞത് .

3. പിതാവിനോട് എന്ത് സമ്മാനം ആവശ്യപ്പെടാനാണ് ഉരഗം ഉമ്മറിനോട് പറഞ്ഞത് ?

   സർപ്പരാജാവായ തന്റെ പിതാവിന്റെ നാവിനടിയിലെ മാണിക്യം സമ്മാനമായി ആവശ്യപ്പെടാനാണ് ഉരഗം ഉമ്മറിനോട് പറഞ്ഞത്.

4. സർപ്പരാജാവ് നൽകിയ മാണിക്യത്തിനുള്ള പ്രത്യേകതയെന്ത് ?

   സർപ്പരാജാവ് നൽകിയ മാണിക്യം നാവിനടിയിൽ വച്ച് എന്ത് ആഗ്രഹിച്ചാലും അത് ഉടനെ നടക്കും .

5. മാണിക്യം ലഭിച്ച ഉമ്മറിനുണ്ടായ മാറ്റമെന്ത് ?

   മാണിക്യം ലഭിച്ച ഉമ്മറിന് നല്ലൊരു വീടും , സുഭിക്ഷമായ ഭക്ഷണവും ലഭിച്ചു . ഉമ്മറിന്റെ ഉമ്മയ്ക്ക് കാഴ്ച്ചയും ലഭിച്ചു .

6. ആർക്കാണ് സുബൈദയോട് അസൂയ തോന്നിയത് ?

   സുബൈദയുടെ തോഴിയായ ഗയാനിക്കാണ് സുബൈദയോട് അസൂയ തോന്നിയത്.

7. സുബൈദ ഗയാനിക്ക് മാണിക്യം കാണിച്ചു കൊടുത്തപ്പോൾ എന്താണ് സംഭവിച്ചത് ?

   ഗയാനി സൂത്രത്തിൽ ആ മാണിക്യം തട്ടിയെടുത്തിട്ട് സുബൈദയെ ഒരു പോക്കാച്ചിത്തവളയാക്കി മാറ്റി . അതിനു ശേഷം ഗയാനി കൊട്ടാരത്തോടെ കടലിനക്കരെ എത്തി .

*******